5087
9/3/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ് - നിലമ്പൂർ സൗത്ത് ഡിവിഷൻ - എടവണ്ണ പഞ്ചായത്തിലെ എടവണ്ണ വില്ലേജിൽ നിന്നും മമ്പാട് പഞ്ചായത്തിലുള്ള പള്ളിക്കുന്ന് എന്ന സ്ഥലത്തേയ്ക്ക് ബജീന സോമിൽ മാറ്റി സ്ഥാപിക്കുന്നതിന് അനുവാദം നൽകിയതിലെ ക്രമക്കേടുകൾ- ശ്രീ.ജെയിംസ് മാത്യു റിട്ടയേർഡ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരായ അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 92/2018/വനം തീയതി, തിരുവനന്തപുരം, 27.02.2018

---

പരാമർശം:- 1) 05.03.2016 ലെ 367298/എ1/2015/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

2) 31.03.2016, 08.12.2016 എന്നീ തീയതികളിലായി ശ്രീ.ജെയിംസ് മാത്യു അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) സമർപ്പിച്ച പ്രതിവാദ പത്രിക.

3) 29.08.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-63325/15 നമ്പർ കത്ത്.

<u>ഉത്തരവ്</u>

നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസറായി ജോലി നോക്കിയിരുന്ന കാലയളവിൽ ശ്രീ.ജെയിംസ് മാത്യു തൊട്ടടുത്ത വനാതിർത്തിയിൽ നിന്നും 5 കിലോമീറ്റർ ദൂരത്തിൽ എടവണ്ണയിൽ സ്ഥിതിചെയ്തിരുന്ന ബജീന സോമിൽ നിയമവിരുദ്ധമായി മമ്പാട് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വനാതിർത്തിയിൽ നിന്നും 2.576 കിലോമീറ്റർ ചുറ്റളവിലുള്ള മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും, തടി മില്ലുകളുടെ യന്ത്രശേഷി വർദ്ധിപ്പിക്കുന്നതിന് അസംസ്കൃത വസ്തുക്കളുടെ ലഭ്യത സംബന്ധിച്ച് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് ആവശ്യമായിരിക്കെ അതിനു വിരുദ്ധമായി ഉടമസ്ഥന്റെ അപേക്ഷ കൂടാതെയും, ഫീസ് സർക്കാരിലേയ്ക്ക് ഒടുക്കാതെയും സ്വമേധയാ അനുമതി നൽകിയതായും കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.ജെയിംസ് മാത്യു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) കുറ്റപത്രത്തിന് ടിയാൻ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലായെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (3) പ്രകാരം അറിയിച്ചു.

3) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.ജെയിംസ് മാത്യുവിന്, സർവ്വീസിലിരിക്കെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രമാണ് നൽകിയത്. ടിയാൻ 31.05.2016-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് (എ) പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ.ജെയിംസ് മാത്യുവിനെതിരെ ഔപചാരിക അന്വേഷണം നടത്തുന്നതിന് പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.ഐ.സിദ്ദിഖ്, ഐ.എഫ്.എസിനെ അന്വേഷണാധികാരിയായും, അഞ്ചൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.ജയൻ.ബി.ആർ.നെ പ്രസന്റിംഗ് ഓഫീസറായും നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) വിരമിച്ച ഉദ്യോഗസ്ഥന്റെ അച്ചടക്ക നടപടി സമയബന്ധിതമായി തീർപ്പാക്കുന്നതിന് കർശനമായും അന്വേഷണ റിപ്പോർട്ട് 2 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ. ജോസഫ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.ഐ.സിദ്ദിഖ്, ഐ.എഫ്.എസ്, പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ശ്രീ.ജയൻ.ബി.ആർ, അഞ്ചൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,
ശ്രീ.ജെയിംസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ
ഓഫ് ഫോറസ്റ്റ്(ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ